

# കാടർ ആദിവാസികളുടെയും വനംവകുപ്പിന്റെയും പങ്കാളിത്തത്തോടെയുള്ള വേഴാമ്പൽ സംരക്ഷണ പദ്ധതി



പശ്ചിമഘട്ടത്തിലെ ആനമല മേഖലയിലെ വാഴച്ചാൽ പറമ്പിക്കുളം വനപ്രദേശമാണ് ദക്ഷിണേന്ത്യയിലെ വേഴാമ്പലുകളുടെ പ്രധാന ആവാസകേന്ദ്രം. പ്രാക്തന ഗോത്രവർഗ്ഗമായ കാടർ ആദിവാസികളും ലോകത്ത് ഇവിടെ മാത്രമാണുള്ളത്. 2004–2005 ൽ വാഴച്ചാൽ വനം ഡിവിഷൻ തുടങ്ങിവെച്ച വേഴാമ്പൽ സംരക്ഷണ പദ്ധതി ഈ മേഖലയിലെ വേഴാമ്പലുകളുടെ സംരക്ഷണത്തിന് നിർണായകമായ പങ്കുവഹിച്ചു. തുടർന്ന് 2009–2010 വർഷത്തിൽ സി. ഇ. പി. എഫ്. /ഏട്രി പശ്ചിമഘട്ടസംരക്ഷണ നിധിയുടെ സഹായത്തോടെ പങ്കാളിത്ത വേഴാമ്പൽ സംരക്ഷണ പദ്ധതിക്ക് രൂപം കൊടുക്കുന്നതിനും ശാസ്ത്രീയാടിത്തറ കെട്ടിപ്പടുക്കുന്നതിനും പറമ്പിക്കുളം മേഖലയിലേക്ക് വ്യാപിപ്പിച്ച് കൂടുതൽ ആദിവാസികളെ പങ്കെടുപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.



മലമുഴക്കി വേഴാമ്പൽ



പാണ്ടൻ വേഴാമ്പൽ

## ഉദ്ദേശലക്ഷ്യങ്ങൾ

1. കാടർ ആദിവാസികളുടെ പങ്കാളിത്തത്തോടെ വംശനാശ ഭീഷണി നേരിടുന്ന മലമുഴക്കി വേഴാമ്പൽ, പാൻ വേഴാമ്പൽ എന്നിവയുടെ സംരക്ഷണം ഉറപ്പാക്കുക.
2. ശാസ്ത്രീയ നിരീക്ഷണങ്ങളിലും വനസംരക്ഷണ പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിലൂടെ കാടർ ആദിവാസികളെ ശാക്തീകരിക്കുക.
3. കൂടുതൽ ജീവസന്ധാരണ മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിലൂടെ വനത്തെയും വന വിഭവങ്ങളെയും ദോഷകരമായി ബാധിക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കാൻ സഹായിക്കുക.
4. കാടരുടെ വനത്തെക്കുറിച്ചും വനവിഭവങ്ങളെക്കുറിച്ചുമുള്ള പരമ്പരാഗത അറിവുകൾ, സ്വതസിദ്ധമായ കഴിവുകളും, ചര്യകളും, വേഴാമ്പലുകളെ സംരക്ഷിക്കുന്നതിനും ഇരുവരും ആശ്രയിക്കുന്ന അവാസ വ്യവസ്ഥയെ സംരക്ഷിന്നതിനും ഉപയുക്തമാക്കുന്നതിലൂടെ ഗോത്രത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുക.
5. ശാസ്ത്രീയ നിരീക്ഷണങ്ങളിലൂടെ വേഴാമ്പലുകളെക്കുറിച്ചും, അവയുടെ അവാസവ്യവ്സ്ഥയെ ക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുക.

## പ്രധാന പ്രവർത്തനങ്ങൾ

ണ്ട

1. കാടർ ആദിവാസികൾക്ക് ശാസ്ത്രീയ നിരീക്ഷണത്തിനും, വേഴാമ്പൽ സംരക്ഷണ പ്രവർത്തനത്തിനും പരിശീലനം നൽകുക.
2. വാഴച്ചാൽ വനം ഡിവിഷന്റെ വേഴാമ്പൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേ സാങ്കേതിക സഹായം ചെയ്യുക.
3. വേഴാമ്പൽ സംരക്ഷണ പ്രവർത്തനങ്ങൾ പറമ്പിക്കുളം മേഖലയിലേക്ക് വ്യാപിപ്പിക്കുക.
4. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
5. വേഴാമ്പലുകളുടെ പ്രജനന സമയത്ത് ശാസ്ത്രീയനിരീക്ഷണവും സംരക്ഷണ പ്രവർത്തനങ്ങളും നടത്തുക.





## നേട്ടങ്ങൾ

1. വാഴച്ചാൽ വനമേഖലയിലെ വേഴാമ്പൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടർച്ചയും ശാസ്ത്രിയ അടിത്തറയും നൽകാൻ കഴിഞ്ഞു.
2. പറമ്പിക്കുളം, വാഴച്ചാൽ മേഖലയിലെ പന്ത്രോളം ആദിവാസി ഊരുകളിൽ നിന്ന് 40 ൽ അധികം ആദിവാസികളെ പങ്കെടുപ്പിച്ചു. ഇതിൽ 20 പേർ തുടർച്ചയായി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
3. വേഴാമ്പലുകളെ പിടിച്ച് ആഹാരമാക്കിയിരുന്ന ആദിവാസികൾ ഇന്ന് സംരക്ഷകരായി മാറിയിരിക്കുന്നു.
4. നമ്മുടെ ദേശീയ പക്ഷിയായ മലമുഴക്കി വേഴാമ്പലിന്റെ എഴുപതോളം കൂടുകളും, വളരെ അപൂർവ്വമായി ക ണ്ടുവരുന്ന പാണ്ട ൻ വേഴാമ്പലുകളുടെ ആകെ നിലവിലുള്ള അഞ്ച് കൂടുകളും സംരക്ഷിച്ച് പോരുന്നു.
5. എല്ലാ കാടർ ആദിവാസി ഊരുകളിലും, സ്ക്കൂളുകളിലും പ്രകൃതി പഠനക്യാമ്പുകളിലും ബോധവർക്ക രണ പരിപാടികൾ, ഡോക്യുമെന്ററി പ്രദർശനം, ലഘുലേഖകളുടെ വിതരണം എന്നിവ നടത്തുകയും കുട്ടികൾ മുതൽ മുതിർന്നവർ വരെ എല്ലാ ആദിവാസികളെയും ബോധവൽക്കരണ പരിപാടികളിൽ പങ്കാളികളാക്കി.
6. കേരളത്തിൽ വാഴച്ചാലിലെ പുഴയോരക്കാടുകളിൽ മാത്രം കാണപ്പെടുന്ന പാണ്ടൻ വേഴാമ്പലുകളെ വംശനാശത്തിൽ നിന്ന് സംരക്ഷിച്ചിു.









### കൂടുതൽ വിവരങ്ങൾക്കും നിർദ്ദേശങ്ങൾക്കും.


അമിതാബച്ചൻ.കെ.എച്ച്
9497627870 -amithab@poetic.com
ശ്രീ. ജാക്ക് ടോർഡോഫ്
സി.ഇ.പി.എഫ്.ഡയറക്ടർ
ശ്രീ. ഭാസ്ക്കർ ആചാര്യ
പ്രോജക്ട് കോ–ഓർഡിനേറ്റർ
ഏട്രി–ശ്രീരാമപുര
ജാക്കുർ – പോസ്റ്റ്, ബാംഗ്ലൂർ,
ഡി.എഫ്.ഒ
വാഴച്ചാൽ ഫോറസ്റ്റ്
ഡിവിഷൻ
ചാലക്കുടി.പി.ഒ.


### നന്ദി


കേരളവനം വകുപ്പ്, ഡി.എഫ്..ഒ., വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷൻ, വാർഡൻ പറമ്പികുളം വന്യജീവിസങ്കേതം, ഡി.എഫ്..ഒ.ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ, വനം വകുപ്പ് ജീവനക്കാർ, കാടർ ആദിവാസികൾ, വന സംരക്ഷ ണസമിതി, സി.ഇ.പി.എഫ്.ഏട്രി പശ്ചിമഘട്ട സംരക്ഷണനിധി



Prepared & @ By: Amitha Bachan K.H.
Hornbill Conservation Programme 2009-10, Supported by CEPF-ATREE Western Ghats Small Grants 2009.


### For Details & Grievance, Contact


Amitha Bachan K.H. hrissur, Kerala
9497627870- amithab@poetic.com
Mr. Jack Tordoff
CEPF Grant Director Western Ghats
Mr. Bhaskar Acharya,
Project Coordinator,
ATREE, Srirampura, JakkurPost,
Bangalore. (Ph:09008322664)
DFO
Vazhachal Forest Division, Chalakkudy P.O.,
Chalakkudy










